(ഇ) പ്രതിദിനം ഒരു കുട്ടിക്ക് 55 രൂപ നിരക്കിലാണ് തുക അനുവദിച്ചിരുന്നത്. അനുവദിച്ച തുക മെച്ചപ്പെട്ട മെനുപ്രകാരം ഭക്ഷണം നൽകുന്നതിന് പര്യാപ്തമായിരുന്നു.

എസ്. എസ്. എൽ. സി. 'സേ' പരീക്ഷയ്ക്ക് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി

130 [713] *ശ്രീ. സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്. എസ്. എൽ. സി. 'സേ' പരീക്ഷ സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) പരീക്ഷാ ഫീസായി ഓരോ വിഷയത്തിനും എത്ര രൂപയാണ് ഈടാക്കുന്നത് എന്ന് അറിയിക്കാമോ;

(സി) 'സേ' പരീക്ഷയിൽ നടപ്പുവർഷം പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഡി, ഇ ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം നഷ്ടപ്പെടാതെ ഫലം മെച്ചപ്പെടുത്തിന്നതിന് അവസരം നൽകുന്ന പരീക്ഷയാണ് 'സേ' പരീക്ഷ. പുതിയ സ്കീമിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് രണ്ട് വിഷയങ്ങളിലായി പരമാവധി 5 പേപ്പറുകൾക്ക് 'സേ' പരീക്ഷയിലൂടെ ഗ്രേഡ് മെച്ചപ്പെടുത്താൻ അവസരം നൽകുന്നുണ്ട്.

(ബി) ഒരു വിഷയത്തിന് 100 രൂപയാണ് ഈടാക്കുന്നത്.

(സി) 'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ബാഹുല്യം കണക്കിലെടുത്ത് 36 സെന്ററുകൾ ഉണ്ടായിരുന്നത് 227 സെന്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്.

എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച

131 [714] *ശ്രീ. രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോർന്നിരുന്നോ; എങ്കിൽ ഏത് പരീക്ഷയുടെ ചോദ്യപേപ്പറുകളാണ് ചോർന്നത്; വിശദാംശം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly